**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4262** **18-07-2022 - ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിലെ കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ; | (എ) | പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | തോട്ടങ്ങളുടെയും അനുബന്ധ കാർഷിക മേഖലയുടെയും വളർച്ചയ്ക്കും വികസനത്തിനും വിവിധ സഹായങ്ങളും പിന്തുണയും നൽകുക എന്നതാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രധാന ഉദ്ദേശം. തോട്ടം ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവും ഫലപ്രദമായ വിപണനവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രകൃതി വിഭവങ്ങളുടെ സൂക്ഷ്മവും സുസ്ഥിരവുമായ വിനിയോഗവും, തൊഴിലാളികളുടെ ക്ഷേമവും ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ തോട്ടം മേഖലയുടെ വികസനം സാധ്യമാക്കുക എന്നതാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് ലക്ഷ്യമിടുന്നത്.<br><br>* തോട്ടം മേഖലയുടെ വാണിജ്യ സാധ്യതകൾ കണ്ടെത്തുക<br><br>* അടച്ചു പൂട്ടിയ തോട്ടങ്ങളെയും അടച്ചു പൂട്ടൽ ഭീഷണി നേരിടുന്നവയെയും പുനരുജ്ജീവിപ്പിക്കുവാൻ സമഗ്രമായ പദ്ധതി തയ്യാറാക്കുകയും പ്രോത്സാഹനവും നൽകുകയും ചെയ്യുക.<br><br>* തോട്ടം ഉൽപ്പന്നങ്ങളുടെ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക.<br><br>* ലാഭ വിഹിതം മെച്ചപ്പെടുത്തുന്നതിനു തോട്ടം ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവും മൂല്യ ശൃംഖല സാധ്യതകളും കണ്ടെത്തുക.<br><br>* വിളവെടുപ്പ്, സംസ്കരണം, പാക്കേജിങ്, ബ്രാൻഡിംഗ്, വിപണനം, ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ തോട്ടങ്ങളുടെ കൂട്ടായ ആവശ്യങ്ങൾ |

| | | | |
|---|---|---|---|
| | | | സുഗമമാക്കുന്നതിന് ഉൽപ്പന്നങ്ങളുടെ കേന്ദ്രീകൃത പ്രദേശങ്ങളിൽ സമാന തോട്ടം ഉൽപ്പന്നങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുക.<br><br>തോട്ടം മേഖലയ്ക്കായി സർക്കാർ നൽകുന്ന വിവിധ പദ്ധതികളും പിന്തുണയും കണ്ടെത്തി നടപ്പിലാക്കുക.<br><br>* തോട്ടം മേഖലയിൽ സംരംഭകത്വം ആകർഷിക്കുക.<br><br>* മേഖലയുടെ വികസനം ഉറപ്പാക്കാൻ തൊഴിൽ, കൃഷി, വനം, നികുതി, റവന്യൂ ജലവിഭവം, വൈദ്യുതി, വിനോദ സഞ്ചാരം, തുടങ്ങിയ വകുപ്പുകളുമായി ഏകോപനം.<br><br>* ടീ ബോർഡ്, കോക്കനട്ട് ബോർഡ്, കോഫീ ബോർഡ്, റബ്ബർ ബോർഡ്, കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവയുമായി ബന്ധം സ്ഥാപിക്കുക.<br><br>* തോട്ടം മേഖലയുമായി ബന്ധപ്പെട്ട നയപരമായ വിഷയങ്ങളിൽ സർക്കാരിനെ സഹായിക്കുക തുടങ്ങിയ വിഷയങ്ങളിൽ പ്രവർത്തനം മെച്ചപ്പെടുത്തുവാനാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ രൂപീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത ഡയറക്ടറേറ്റിന്റെ ഹെഡ് ഓഫീസും റീജിയണൽ ഓഫീസുകളും സ്ഥാപിക്കുന്നത് ഏതെല്ലാം ജില്ലകളിലാണെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ഹെഡ് ഓഫീസ് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. റീജിയണൽ ഓഫീസുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) | റീജിയണൽ ഓഫീസുകൾ സംബന്ധിച്ച വ്യവസായ വകുപ്പിന്റെ ശിപാർശകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | കോട്ടയം ജില്ലയിൽ ഒരു റീജിയണൽ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ